ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ

62 (4673) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ സ്കൂളുകൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു; വിശദാംശം നൽകുമോ;

(ബി) ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം എൽ.പി. സ്കൂളുകൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു; വിശദമാക്കുമോ;

(ഡി) വേണ്ടത്ര ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും പുന്നപ്ര പറവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എൽ.പി. വിഭാഗം ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സ്കൂൾ അധികാരികളും പി.ടി.എ. -യും പൊതുജനങ്ങളും നിരന്തരം ആവശ്യപ്പെട്ടിട്ടും ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

(എഫ്) പറവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സാധാരണ നിലയിൽ ക്ലാസ്സുകൾ നടത്തുവാൻ കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമല്ലാത്തതുമൂലമാണ് സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തേണ്ടി വരുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി-എഫ്) പുന്നപ്ര പറവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിലെ ഷിഫ്റ്റ് സമ്പ്രദായം ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16-12-2014-ലെ ബി5/11213/14 നമ്പർ ഉത്തരവ് പ്രകാരം അവസാനിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly